STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

നമ്പർ എ4/4906/23/സ്കോൾ കേരള തീയതി : 25.10.2023

## സ്കോൾ-കേരള-ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ് -2023
## ഒന്നാം ബാച്ച് - പ്രവേശന വിജ്ഞാപനം

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയം ഭരണ സ്ഥാപനമായ സ്കോൾ-കേരളയിൽ സംസ്ഥാന ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും സഹകരണത്തോടെ സർക്കാർ ഉത്തരവ് (സ.ഉ(സാധാ)നം.766/2023/ പൊ.വിവ, തീയതി 30.01.2023) പ്രകാരം ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| പ്രവേശന യോഗ്യത | - | എസ്.എസ്.എൽ.സി/തത്തുല്യകോഴ്സിലെ വിജയം |
| പ്രായപരിധി | - | 18 വയസ് മുതൽ 45 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കി പ്രായം കണക്കാക്കും) |
| പഠനമാധ്യമം | - | ഇംഗ്ലീഷ്/മലയാളം |
| പഠന രീതി | - | ഓഫ്ലൈൻ |
| കോഴ്സ് കാലാവധി | - | 6 മാസം ദൈർഘ്യമുള്ള റഗുലർ കോഴ്സ് (520 മണിക്കൂർ) |
| **ഫീസ് ഘടന** | | |
| കോഴ്സ് ഫീസ് | - | 10,000/- |
| പ്രവേശന ഫീസ് | - | 500/- |
| ആകെ | - | 10,500/- |

കോഴ്സ് ഫീസ് ഒറ്റത്തവണയായോ രണ്ട് തവണകളായോ ഒടുക്കാവുന്നതാണ്. കോഴ്സ് ഫീസിന്റെ 50% (5000 + 500) പ്രവേശന സമയത്തും, രണ്ടാം ഗഡു 50% ഹാജർ പൂർത്തിയാക്കുന്നതിന് മുമ്പും (5000/- രൂപ) ഒടുക്കേണ്ടതാണ്.

**26.10.2023** മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴകൂടാതെ **15.11.2023** വരെയും 100/- രൂപ പിഴയോടെ **22.11.2023** വരെയും ഫീസ് അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായിട്ടാണ് പൂർത്തിയാക്കേണ്ടത്. വെബ്സൈറ്റ് മുഖേന ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടയ്ക്കുകയോ ഓൺലൈനായി ഫീസ് അടയ്ക്കുകയോ ചെയ്യാവുന്നതാണ്. ഒരു ബാച്ചിൽ 25 വിദ്യാർഥികൾക്കാണ് പ്രവേശനം അനുവദിക്കുക. ഒരു ജില്ലയിൽ ഒരു പഠന കേന്ദ്രമാണ് ആദ്യ ബാച്ചിൽ അനുവദിച്ചിട്ടുള്ളത്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷാഫാറം പ്രിന്റ് എടുത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഫീസ് അടച്ച ഒറിജിനൽ ചെലാൻ/ഓൺലൈൻ ഫീസ് രസിത് എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ടു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിലോ സ്കോൾ-കേരളയുടെ അതാത് ജില്ലാ കേന്ദ്രങ്ങളിലോ നേരിട്ട് എത്തിക്കേണ്ടതും അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയക്കാവുന്നതുമാണ്. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്.

SCOLE-KERALA * STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan Poojappura Thiruvananthapuram 695012

എക്സിക്യൂട്ടീവ് ഡയറക്ടർ

*C5/Acad/Latha/Domo/3*